بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**07-08-2026**

# നബിതിരുമേനി(സ)യുടെ നന്ദിപ്രകടനം

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○
اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തശഹ്ഹുദും തഅവ്വുദും സൂറത്തുൽ ഫാത്തിഹയും പാരായണം ചെയ്തതിനു ശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്) അരുളി: ജൽസയ്ക്ക് മുൻപ് തിരുനബി(സ)യുടെ നന്ദിപ്രകാശനത്തിന്റെ നിലവാരം, അവിടുത്തെ പ്രവൃത്തികൾ, ഉപദേശങ്ങൾ എന്നിവയെക്കുറിച്ചായിരുന്നു ഞാൻ പരാമർശിച്ചിരുന്നത്. ഇന്നും ആ വിഷയം തന്നെയാണ് വിവരിന്നത്.

അല്ലാഹുവിനോട് നന്ദിയുള്ളവരായിരിക്കാൻ ഉദ്ബോധിപ്പിച്ചുകൊണ്ട്, ഏറ്റവും ചെറിയ കാര്യങ്ങളിൽ പോലും നന്ദി പ്രകാശിപ്പിക്കാൻ തിരുനബി (സ) നിർദ്ദേശിക്കുകയുണ്ടായി. ഹദ്റത്ത് അനസ് ബിൻ മാലിക് (റ) നിവേദനം ചെയ്യുന്നു: തിരുനബി(സ) അരുളി: ഒരു ഉരുള കഴിക്കുകയോ ഒരിറക്ക് വെള്ളം കുടിക്കുകയോ ചെയ്യവേ അല്ലാഹുവിനെ സ്തുതിക്കുന്ന തന്റെ ദാസന്റെ പ്രവൃത്തിയിൽ അവൻ അത്യധികം സന്തുഷ്ടനാകുന്നു.

ഹദ്റത്ത് ആയിശ (റ) നിവേദനം ചെയ്യുന്നു: ഒരു ദിവസം തിരുനബി(സ) വീട്ടിലേക്ക് പ്രവേശിച്ചപ്പോൾ തറയിൽ ഒരു അപ്പക്കഷ്ണം കിടക്കുന്നത് കണ്ടു. അവിടുന്ന് ആ അപ്പക്കഷ്ണം എടുത്ത്, തുടച്ചു വൃത്തിയാക്കി ഭക്ഷിച്ചു. തുടർന്ന് അരുളി: അല്ലയോ ആയിശാ! ആദരിക്കപ്പെടേണ്ട വസ്തുക്കളെ ആദരിക്കുക! അന്നമാകുന്ന ഈ അനുഗ്രഹം ഒരു ജനതയിൽ നിന്ന് ഒഴിഞ്ഞു പോയാൽ പിന്നെ അവർക്ക് അത് തിരികെ ലഭിക്കുകയില്ല! ഇതായിരുന്നു തിരുനബി(സ) യുടെ മാതൃകാപരമായ ജീവിതചര്യ.

ഹുസൂർ അൻവർ അരുളുന്നു: നമുക്കും ആഹാര വിഭവങ്ങളിൽ അനുഗ്രഹം ലഭിക്കണമെന്നുണ്ടെങ്കിൽ, അല്ലാഹു നൽകുന്ന ഏറ്റവും ചെറിയ അനുഗ്രഹങ്ങൾക്ക് പോലും അവനോട് നാം നന്ദിയുള്ളവരായിരിക്കേണ്ടതാണ്.

ഹദ്റത്ത് ഇബ്നു അബ്ബാസ് (റ) നിവേദനം ചെയ്യുന്നു: മക്കാ വിജയ ദിവസം തിരുനബി(സ) ഹദ്റത്ത് ഉമ്മു ഹാനി (റ)യുടെ വീട്ടിൽ ആഗതരായി. അങ്ങേയ്ക്ക് വിശക്കുന്നുണ്ടായിരുന്നു.

*'കഴിക്കാൻ നിങ്ങളുടെ വീട്ടിൽ വല്ലതുമുണ്ടോ?'* തിരുനബി(സ) തിരക്കി.

'ഉണങ്ങിയ അപ്പക്കഷണങ്ങളല്ലാതെ എന്റെ പക്കൽ മറ്റൊന്നുമില്ലല്ലോ; അത് അങ്ങയുടെ സമക്ഷം സമർപ്പിക്കുന്നതിൽ ഞാൻ ലജ്ജിക്കുന്നു.'അവർ ഉണർത്തിച്ചു.

*'അതുതന്നെ കൊണ്ടുവരൂ.'* തിരുനബി(സ) അരുളി.

തുടർന്ന്, തിരുനബി(സ)ഉണങ്ങിയ അപ്പക്കഷണങ്ങൾ വെള്ളത്തിലിട്ട് മൃദുവാക്കി. അവർ അല്പം ഉപ്പ് കൊണ്ടു വന്നു നൽകി. കറി വല്ലതുമുണ്ടോ? എന്ന് തിരുനബി(സ) ചോദിച്ചു. കുറച്ച് വിനാഗിരി അല്ലാതെ വേറൊന്നുമില്ലെന്ന് അവർ അറിയിച്ചു.

*'അതെടുത്തോളൂ'* അവിടുന്ന് അരുളി.

തിരുനബി(സ) ആ വിനാഗിരി തന്റെ ഭക്ഷണത്തിൽ ഒഴിക്കുകയും അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്തു. എന്നിട്ട് ഇപ്രകാരം പറഞ്ഞു: *'വിനാഗിരി എത്ര നല്ല കറിയാണ്! ഏതൊരു വീട്ടിലാണോ വിനാഗിരിയുള്ളത്, ആ വീട് ദരിദ്രമല്ല!'*

ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്) അരുളുന്നു: ഇതായിരുന്നു തിരുനബി(സ)യുടെ നന്ദിപ്രകടനത്തിന്റെ നിലവാരം! വികസിത രാജ്യ

ങ്ങളിൽ കഴിയുന്ന നാം അല്ലാഹുവിന്റെ അനേകം അനുഗ്രഹങ്ങൾ അനുഭവിക്കുന്നവരായിട്ടും അവനോടുള്ള നന്ദിപ്രകടനത്തിന്റെ കടമകൾ നിറവേറ്റുന്നില്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) അരുളുന്നു: *ദേഹത്ത് എന്നെങ്കിലും കീറിയ വസ്ത്രം ധരിക്കാൻ ഇടയായാൽ 'എന്റെ വിധി എത്ര മോശം, എനിക്ക് ധരിക്കാൻ കീറിയ വസ്ത്രമാണല്ലോ ലഭിച്ചത്,' എന്ന് പറഞ്ഞ് നിങ്ങൾ കരയാൻ തുടങ്ങുന്നു. സ്വഹാബികളാകട്ടെ(റ), അവർക്ക് കീറിയ വസ്ത്രം ലഭിക്കുമ്പോൾ അവരുടെ ശിരസ്സുകൾ ദൈവസന്നിധിയിൽ കുനിയുമായിരുന്നു. 'എത്ര നല്ല വസ്ത്രമാണ് നമ്മുടെ ദൈവം നമുക്ക് നല്കിയത്' എന്ന് അവർ പറയുമായിരുന്നു. നാല് ദിവസം പഴകിയ ഉണക്ക അപ്പക്കഷ്ണം ലഭിച്ചാൽ പോലും സന്തോഷത്താൽ അവരുടെ കണ്ണുകൾ തിളങ്ങുകയും അവർ അൽഹംദുലില്ലാഹ് എന്ന് അവർ പറയുകയും ചെയ്യുമായിരുന്നു!*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ജമാഅത്ത് അംഗങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് അരുളുന്നു: *ഏതൊരു ലക്ഷ്യത്തിനു വേണ്ടിയാണ് അല്ലാഹു നിങ്ങളെ സൃഷ്ടിച്ചത് എന്ന ബോധം നിങ്ങളിൽ ഉടലെടുക്കാത്തിടത്തോളം കാലം... നിങ്ങൾക്ക് എന്താണ് ചെയ്യാൻ കഴിയുക? ഏത് പദവിയിലാണ് അല്ലാഹു നിങ്ങളെ നിർത്തിയിരിക്കുന്നതെന്ന് നിങ്ങൾ അറിയുമ്പോൾ നിങ്ങളുടെ ഹൃദയങ്ങൾ സന്തോഷത്താൽ സദാ നിറഞ്ഞിരിക്കേതാണ്; നിങ്ങളിൽ എപ്പോഴും ഉണർവും ഓജസ്സും ദൃശ്യമാകണം. ഈ ഒരു കാര്യം നിങ്ങളിൽ ഉടലെടുത്താൽ, അൽപമാത്ര ഭക്ഷണത്താൽപോലും കഠിനാധ്വാനം ചെയ്യാൻ പ്രാപ്തരാക്കുന്ന ആത്മീയ ശക്തി നിങ്ങളിൽ തൽക്ഷണം സംജാതമാകും.*

ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്) അരുളി: ഓരോ അഹ്മദിയും പൊതുവായും, വഖ്ഫെ സിന്ദഗികൾ വിശേഷിച്ചും തങ്ങളുടെ നന്ദിപ്രകടനത്തിന്റെ നിലവാരം ഉയർത്തുന്നതിനായി അവലംബിക്കേണ്ട തത്ത്വമാണിത്. ഇത് വളരെ ആവശ്യമത്രേ. അതുപോലെത്തന്നെ, സ്വന്തം ഭാര്യമാർക്കിടയിലും കുട്ടികൾക്കിടയിലും ഈ ഒരു ബോധം വളർത്തിയെടുക്കേണ്ട ആവശ്യമുണ്ട്. എന്തെന്നാൽ, മഹത്തായ ഒരു ലക്ഷ്യത്തിനു വേണ്ടിയാണ് വഖ്ഫെ സിന്ദഗികൾ തങ്ങളെ വഖ്ഫ് ചെയ്തിരിക്കുന്നത്. മഹത്തായ ലക്ഷ്യം കൈവരിക്കുന്നതിന് മഹത്തായ ലക്ഷ്യങ്ങൾ കരസ്ഥമാക്കിയവരുടെ മാതൃകകൾ നമ്മുടെ മുൻപിൽ ഉണ്ടായിരിക്കണം.

തിരുനബി(സ) വെള്ളം കുടിക്കുമ്പോൾ, പാത്രത്തിൽ നിന്ന് തിരുവദനം മാറ്റി മൂന്ന് ശ്വാസങ്ങളിലായിട്ടായിരുന്നു വെള്ളം കുടിച്ചിരുന്നത്. ഓരോ ശ്വാസത്തിലും അല്ലാഹുവിന് സ്തുതിയർപ്പിക്കുകയും, അവസാനത്തെ ശ്വാസത്തിൽ അല്ലാഹുവിന് നന്ദി അർപ്പിക്കുകയും ചെയ്യുമായിരുന്നു.

ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്) സ്വഹീഹുൽ ബുഖാരിയിൽ നിന്ന് ഹദ്റത്ത് അബൂഹുറൈറ (റ) നിവേദനം ചെയ്ത വിശദമായ ഒരു ഹദീസ് എടുത്തുപറയുകയുണ്ടായി. അതിൽ അബൂഹുറൈറ അത്യധികം വിശപ്പുള്ള അവസ്ഥയിൽ വഴിയിൽ ഇരുന്ന്, ആവശ്യക്കാരായിട്ടും അത് ചോദിക്കാത്തവരുടെ കാര്യങ്ങൾ നോക്കണമെന്ന് കൽപ്പിക്കുന്ന ഖുർആനിക വചനത്തിന്റെ അർത്ഥം വഴിയാത്രക്കാരോട് ചോദിക്കുന്നുണ്ട്. ഹദ്റത്ത് അബൂഹുറൈറ(റ) ഹദ്റത്ത് അബൂബക്കർ(റ)നോടും ഹദ്റത്ത് ഉമർ (റ)നോടും അതിന്റെ അർത്ഥം ചോദിച്ചുവെങ്കിലും അവർ ഹദ്റത്ത് അബൂഹുറൈറ (റ)യുടെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കിയില്ല. എന്നാൽ തിരുനബി(സ) യോട് പ്രസ്തുത ആയത്തിന്റെ അർത്ഥം ആരാഞ്ഞപ്പോൾ അവിടുന്ന് പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു:'*എന്റെ കൂടെ വരൂ*'. തുടർന്ന് തിരുനബി(സ) അദ്ദേഹത്തിന് ഒരു പാത്രം പാൽ നൽകുകയും, ആ പാൽപാത്രത്തിൽ നിന്ന് അഹ്‌ലുസ്സുഫക്കാരെല്ലാം പാൽകുടിക്കുകയുംചെയ്തു. എല്ലാവരും മതിയാവോളം പാൽ കുടിച്ചിട്ടും പാത്രത്തിൽ പാൽ ബാക്കിയാവും വിധം അല്ലാഹു ആ കൊച്ചു പാൽപാത്രത്തിൽ അനുഗ്രഹം ചൊരിഞ്ഞു! അതിനുശേഷം തിരുനബി(സ) ആ പാൽപാത്രം വാങ്ങി ആദ്യം അല്ലാഹുവിന് നന്ദി അർപ്പിച്ചുകൊണ്ട് ബാക്കി പാൽ കുടിച്ചു.

തനിക്ക് ഉപകാരം ചെയ്തവരെ തിരുനബി(സ) എപ്പോഴും ഓർക്കുകയും അവരുടെ നന്മകളെ ഏറ്റവും മനോഹരമായ രീതിയിൽ എടുത്തുപറയുകയും ചെയ്യുമായിരുന്നു. ഉദാഹരണത്തിന്, ഹദ്റത്ത് ഖദീജ (റ)യെ അവിടുന്ന് എപ്പോഴും ഓർക്കുമായിരുന്നു. അതുപോലെ, ഹദ്റത്ത് അബൂബക്കർ(റ)ന്റെ ഉപകാരങ്ങളെയും അവിടുന്ന് ഇതേ രീതിയിൽ തന്നെ അനുസ്മരിക്കു

മായിരുന്നു.
മുസ്ലിങ്ങൾക്ക് മേൽ അതിക്രമങ്ങൾ വർദ്ധിച്ചപ്പോൾ അവർ അബിസീനിയയിലേക്ക് ഹിജ്റ പോവുകയും അബിസീനിയയിലെ രാജാവായ നജാശി അവർക്ക് അഭയം നൽകുകയും ചെയ്തു. തിരുനബി(സ) ആ രാജാവിന്റെ ഈ ഉപകാരം എപ്പോഴും ഓർക്കുകയും എല്ലാ സന്ദർഭങ്ങളിലും ആ നന്മയെ അനുസ്മരിക്കുകയും ചെയ്തിരുന്നു.
ഖൈബർ യുദ്ധത്തിനുശേഷം മടങ്ങുമ്പോൾ തിരുനബി(സ)യുടെ വിവാഹം ഹദ്റത്ത് സഫിയ്യ (റ)യുമായി നടന്നു. വിവാഹ രാത്രിയിൽ ഹദ്റത്ത് അബൂ അയ്യൂബ് ഖാലിദ് ബിൻ സൈദ് (റ) രാത്രി മുഴുവൻ തിരുനബി(സ)യുടെ കൂടാരത്തിനു പുറത്ത് കാവൽ നിന്നു. രാവിലെ തിരുനബി (സ)ഉണർന്നപ്പോൾ അദ്ദേഹം കാവൽ നിൽക്കുന്നതാണ് കാണുന്നത്. അദ്ദേഹത്തിന്റെ ആത്മാർഥത കണ്ട് അവിടുന്ന് ഇപ്രകാരം പ്രാർത്ഥിച്ചു: *അല്ലാഹുവേ! അബൂ അയ്യൂബ് രാത്രി മുഴുവൻ എന്നെ സംരക്ഷിച്ചതുപോലെ നീ അബൂ അയ്യൂബിനെയും സംരക്ഷിക്കേണമേ!*
ഹദ്റത്ത് അംറ് ബിൻ അഖ്ത്തബ് (റ) നിവേദനം ചെയ്യുന്നു: ഒരിക്കൽ തിരുനബി(സ) വെള്ളം ചോദിക്കുകയുണ്ടായി. ഞാൻ അവിടുത്തേക്ക് കുടിക്കാൻ വെള്ളം കൊണ്ടുചെന്നു. അതിൽ ഒരു മുടിയിഴ വീണിട്ടുണ്ടായിരുന്നു; ഞാൻ ആ മുടിയിഴ എടുത്തു മാറ്റി. അപ്പോൾ തിരുനബി(സ) എനിക്കായി ഇപ്രകാരം പ്രാർത്ഥിച്ചു: *അല്ലാഹുവേ! ഇവനെ സുന്ദരനാക്കേണമേ*
ഹദ്റത്ത് അനസ് (റ)ന് വേണ്ടി അവിടുന്ന് സമ്പത്തിലും സന്താനങ്ങളിലും ബർക്കത്തിനായി പ്രാർത്ഥിച്ചു. ഹദ്റത്ത് അനസ് (റ) പറയുന്നു: എന്റെ ധനം അത്യധികം വർദ്ധിക്കുകയും, എന്റെ മക്കളുടെയും മക്കളുടെ മക്കളുടെയും എണ്ണം ഇന്ന് നൂറോളം എത്തുകയും ചെയ്തിരിക്കുന്നു!
തിരുനബി(സ) ഇപ്രകാരം ഉപദേശം നല്കി: *ഏതൊരു വ്യക്തിക്കാണോ ഒരു ഉപകാരം ചെയ്യപ്പെട്ടത്, അവൻ അത് എടുത്തുറഞ്ഞാൽ അവൻ അതിന്റെ കടമ നിറവേറ്റിയിരിക്കുന്നു. എന്നാൽ ഏതൊരാൾ അത് ഒളിച്ചുവെക്കുന്നുവോ, അവൻ നന്ദികേട് കാണിച്ചിരിക്കുന്നു.*
തിരുനബി(സ) ഉപഹാരങ്ങൾ സ്വീകരിക്കുകയും, അതിന് പകരം തിരികെ ഉപഹാരങ്ങൾ നൽകുകയും ചെയ്യുമായിരുന്നു. അവിടുന്ന് അരുളി: *ഏതൊരാൾക്കെങ്കിലും ഒരു ഉപഹാരം നൽകപ്പെട്ടാൽ, പ്രാപ്തിയുണ്ടെങ്കിൽ അവൻ അതിന് പകരമായി തിരികെ ഉപഹാരം നൽകട്ടെ! അതിന് പ്രാപ്തിയില്ലെങ്കിൽ, സമ്മാനം നൽകിയ ആളെ പ്രശംസിക്കുകയും നന്ദി പറയുകയും ചെയ്യട്ടെ!*
തിരുനബി(സ) തഹജ്ജുദ് നമസ്കാരത്തിൽ ദീർഘനേരം നിന്നതു കാരണം അവിടുത്തെ പാദങ്ങൾക്ക് നീരു വരുമായിരുന്നു. ഇത് കണ്ട് ഹദ്റത്ത് ആയിശ (റ) ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ! അല്ലാഹു അങ്ങയുടെ മുൻപും പിൻപുമുള്ള പാപങ്ങളിൽനിന്ന് കാത്തുരക്ഷിച്ചിരിക്കെ അവിടുന്ന് എന്തിനാണ് ഇങ്ങനെ ചെയ്യുന്നത്? അപ്പോൾ തിരുനബി(സ) അരുളി: *ഞാൻ നന്ദിയുള്ള ഒരു ദാസനായിത്തീരേണ്ടതല്ലേ?*
തിരുനബി(സ) നമസ്കാരങ്ങളിൽ സ്വന്തം പാദങ്ങൾ വീങ്ങുന്നത്രയും നേരം കരയുകയും ദീർഘനേരം നിൽക്കുകയും ചെയ്യുമായിരുന്നു. അവിടുന്ന് എന്തിനാണ് ഇത്രയധികം വിങ്ങിപ്പൊട്ടി കരയുന്നത് എന്ന് സ്വഹാബികൾ ചോദിച്ചപ്പോൾഅവിടുന്ന്അരുളി:*ഞാൻഎന്റെ നാഥന്റെ നന്ദിയുള്ള ദാസനെങ്കിലും ആയി മാറേണ്ടേ?*
ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്) അരുളി: അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നാം നന്ദികാണിച്ചുകൊണ്ട് നമ്മുടെ നന്ദിപ്രകടനം പാരമ്യയിൽ എത്തിക്കുക എന്നാണ് തിരുനബി(സ) യുടെ ഈ ആത്മീയ അവസ്ഥ നമ്മോട് ആവശ്യപ്പെടുന്നത്. നന്ദിപ്രകടനം എന്നത് വെറുതെ നിഷ്ക്രിയനായി ഇരിക്കുന്നതിന്റെ പേരല്ല; മറിച്ച്, പ്രവർത്തനങ്ങളിൽ കൂടുതൽ പുരോഗതി കൈവരിക്കാനാണ് നന്ദിപ്രകാശനം ആവശ്യപ്പെടുന്നത്. തിരുനബി (സ) തഖ്‌വയുടെ ഉത്തുംഗ പദവിയിലായിരുന്നു; അതുകൊണ്ട് അവിടുന്ന് *അബ്ദുൻ ശകൂർ* (കൃതജ്ഞനായ ദാസൻ) എന്ന പദവിയുടെയും ഉന്നതമായ നിലവാരം കൈവരിക്കുകയും നമ്മോട് ഇപ്രകാരം ഉപദേശിക്കുകയും ചെയ്തു: നിങ്ങൾക്ക് അല്ലാഹുവിന്റെ യഥാർത്ഥ ദാസനായിരിക്കേണ്ടതിന്റെ കടമ നിറവേറ്റണമെന്നുണ്ടെങ്കിൽ നിങ്ങളും *അബ്ദുൻ ശകൂർ* ആയി മാറുക! അല്ലാഹു നിങ്ങൾക്ക് അവന്റെ അനുഗ്രഹങ്ങൾ ചൊരിഞ്ഞു തരുന്തോറും നിങ്ങൾ നിങ്ങളുടെ ആരാധനയുടെ നിലവാരങ്ങൾ ഉയർത്തുകയും കൂടുതൽ നന്ദിയുള്ളവരായി തീരുകയും ചെയ്യുക.
അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ലഭിക്കുന്നതിന്റെ ഫലമായി അലസത ഉണ്ടാകാൻ പാടില്ല; മറിച്ച്, ആരാധനാകാര്യങ്ങളിൽ മുൻപന്തിയിലേക്ക്

മുന്നേറുകയാണ് വേണ്ടത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഒരിടത്ത് പ്രസ്താവിക്കുകയുണ്ടായി: *'നിന്റെ ഉദാരതയും കരുണയും തന്നെയാണ് എന്നെ ധിക്കാരിയാക്കി മാറ്റിയത്'*(അതായത് അല്ലാഹുവിന്റെ കൃപാവരം കാരണമാണ് ഞാൻ ന്ദിയുള്ളവനാകുന്നതിന് പകരം ധിക്കാരിയായി മാറിയത് )*എന്ന് പറഞ്ഞവൻ അവിവേകിയാണ്!. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഒരിക്കലും മനുഷ്യനെ ധിക്കാരിയാക്കുകയോ അനുസരണക്കേടുള്ളവനാക്കുകയോ ചെയ്യുകയില്ല; അയാൾ പറയുന്നത് തെറ്റാണ്. മറിച്ച്, കൂടുതൽ നന്ദിയുള്ളവനും അനുസരണയുള്ളവനുമാക്കുകയാണ് ചെയ്യുന്നത്! അതിനാൽ നിങ്ങൾ മുൻപത്തേക്കാൾ കൂടുതൽ അനുസരണയുള്ളവരായി മാറുക! കാരണം 'നിങ്ങൾക്ക് നൽകപ്പെട്ട അനുഗ്രഹങ്ങളിൽ നിങ്ങൾ നന്ദി കാണിക്കുകയാണെങ്കിൽ ഞാൻ നിങ്ങൾക്ക് അത് കൂടുതൽ വർദ്ധിപ്പിച്ചു നൽകുന്നതാണ് 'എന്നാണ് അല്ലാഹു വാഗ്ദാനം ചെയ്യുന്നത്.*

അല്ലാഹു നമ്മെ യഥാർത്ഥ നിലയിൽ നന്ദി പ്രകടിപ്പിക്കുന്നവരും,യഥാർത്ഥ ആരാധകരും ആക്കി മാറ്റട്ടെ! നാം എപ്പോഴും അവന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നവരായിത്തീരട്ടെ!

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُّضْلِلْهُ فَلَا هَادِیَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِی الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَآءِ
وَالْمُنْكَرِ وَ الْبَغْیِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**

MASJID MUBARAK UK ON 7.08.2026

SUMMARIZED BY MAJLIS ANSARULLAH BHARAT

MALAYALAM TRANSLATION BY HARIF MOHAMMED BM

FOR MALAYALAM DESK, QADIAN

PUBLISHED BY NAZARAT NASHR-O-ISHAAT,

SADR ANJUMAN AHMADIYYA QADIAN 143516